(എഫ്) ജനറേറ്റിംഗ് ജെറ്റിന്റെ സപ്ലൈ, കറക്ഷൻ എന്നിവ 'സീൽക്കി' ആണ് ചെയ്തത്.

(ജി&എച്ച്) ഉണ്ട്. അനുയോജ്യമായ പദ്ധതികൾ എപ്രകാരമാണെന്ന കാര്യം എൻ.ടി.പി.സി. യുമായി ചർച്ച ചെയ്ത് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി

15(*195) ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. പി. ടി. കുഞ്ഞി മുഹമ്മദ് :
ശ്രീ. എം. എ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും.വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) കേരളത്തിന്റെ ഊർജ്ജാവശ്യം നിറവേറ്റാൻ ഏറ്റവും അനുയോജ്യം ജലവൈദ്യുത പദ്ധതികളാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ വൈദ്യുതി ഉൽപ്പാദനത്തിന് ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്ത് ഇപ്പോൾ ഏതെല്ലാം ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണമാണ് നടന്നുകൊണ്ടിരിക്കുന്നത്;

(ഇ) ഇവയുടെ പണി എന്നാണ് ആരംഭിച്ചത് ; എന്നത്തേക്ക് ഇവയുടെ പണി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(എഫ്) സംസ്ഥാനത്ത് ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ ;

(ജി) എങ്കിൽ ഏതെല്ലാം പദ്ധതികൾക്കാണ് കേന്ദ്രാനുമതി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(എച്ച്) കേന്ദ്രാനുമതി ലഭിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഐ) ആതിരപ്പള്ളി ജലവൈദ്യുതപദ്ധതി നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) സംസ്ഥാനത്ത് വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് താഴെ പറയുന്ന കർമ്മപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

1. പണി നടന്നുകൊണ്ടിരിക്കുന്ന ജലവൈദ്യുത പദ്ധതികളുടെ പണി ത്വരിതപ്പെടുത്തി വരുന്നു.

2. സ്വകാര്യ മേഖലയിലും വൈദ്യുതി ബോർഡ് നേരിട്ടും ജില്ലാ പഞ്ചായത്ത് മുഖേനയും പുതിയ ജലവൈദ്യുത പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.

3. ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ശബരിഗിരി, നേര്യമംഗലം, പള്ളിവാസൽ, ചെങ്കുളം, പന്നിയാർ, പെരിങ്ങൽകുത്ത് എന്നീ ജലവൈദ്യുത പദ്ധതികൾ നവീകരിച്ച് അവരുടെ ഉല്പാദനക്ഷമത കൂട്ടുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

4. താപവൈദ്യുത പദ്ധതികൾ സ്വകാര്യമേഖലയിലും പൊതു മേഖലയിലും സംയുക്തമേഖലയിലും നടപ്പാക്കി വരുന്നു.

5. ചൈനീസ് സാങ്കേതിക സാമ്പത്തിക സഹായത്തോടെ 18 ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിനും, അവയിൽ 4 എണ്ണം പൈലറ്റ് പദ്ധതികളായി പെട്ടെന്ന് ആരംഭിക്കുന്നതിനും ഉദ്ദേശിക്കുന്നു.

(ബി) ഉണ്ട്.

(സി) ഉണ്ട്. ആതിരപ്പള്ളി, കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ, നേരിയമംഗലം എക്സ്റ്റൻഷൻ, ചെങ്കുളം ആഗ്മെന്റേഷൻ എന്നീ പദ്ധതികൾ രണ്ടായിരാമാണ്ടിൽ തന്നെ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. ചൈനയുടെ സഹായത്തോടെ 18 ചെറുകിട ജലവൈദ്യുത പദ്ധതികളും, ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ 4 ചെറുകിട പദ്ധതികളും, സ്വകാര്യ പങ്കാളിത്തത്തോടെ 4 ചെറുകിട ജലവൈദ്യുത പദ്ധതികളും ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയായി വരുന്നു. പൂയംകുട്ടി, കുര്യാർകുട്ടി-കാരപ്പാറ, മാനന്തവാടി, കേരള ഭവാനി, പാമ്പാർ, കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ എന്നീ പദ്ധതികൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ ആയിരം മെഗാവാട്ട് വരുന്ന പുതിയ ജലവൈദ്യുത പദ്ധതികളുടെ പ്രോജക്ട് റിപ്പോർട്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു.

(ഡി&ഇ) വിശദ വിവരം ചുവടെ ചേർക്കുന്നു.

926/2010

LIBRARY ARCHIVES Kerala Legislative Assembly

ബോർഡ് നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികൾ

	പദ്ധതിയുടെ പേര്	പണിആരംഭിച്ച വർഷം	പണിപൂർത്തിയാക്കാനുദ്ദേശിക്കുന്ന വർഷം
1.	കുറ്റ്യാടി എക്സ്റ്റൻഷൻ (50 മെ.വാ)	1997	2000
2.	വഴിക്കടവ് ഡൈവേർഷൻ (24 മി.യു)	1993	2002
3.	മലങ്കര (10.5 മെ.വാ)	1999	2002
	സ്വകാര്യമേഖലയിലുള്ള പദ്ധതികൾ		
1.	കുത്തങ്കൽ (21 21മെ.വാ/79 മി.യു)	-	2000
2.	ഉള്ളുങ്കൽ (7 മെ. വാ/34.1 മി.യു)	-	2000
3.	കാരിക്കയം (15 മെ.വാ./72.7 മി.യു)	-	നിശ്ചയിച്ചിട്ടില്ല.
4.	ഭൂതത്താൻകെട്ട് (16 മെ. വ. / 61.5 മി. യു)		നിശ്ചയിച്ചിട്ടില്ല.

(എഫ്) ഉണ്ട്.

(ജി) ആതിരപ്പള്ളി ജലവൈദ്യുത പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ ചെങ്കുളം ആധുനീകരണം പദ്ധതിക്ക് ഒന്നാംഘട്ടം അനുമതി ലഭിച്ചിട്ടുണ്ട്. അന്തിമ അനുമതി ലഭിക്കാനുണ്ട്.

(എച്ച്&ഐ) ആതിരപ്പള്ളി ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണത്തിന് ആഗോള ടെണ്ടർ വിളിച്ച് പ്രീക്വാളിഫൈ ചെയ്ത ടെണ്ടർ മാർക്ക് പ്രൈസ് ലീഡ് അയച്ചിട്ടുണ്ട്.

വാമനപുരം നദീതടപദ്ധതി പുനഃക്രമീകരണം

16(*196) ശ്രീ. ബി. വിജയകുമാർ :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. പാലോട് രവി :
ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നദീതട പദ്ധതി പുനഃക്രമീകരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly